**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1734 05/12/2014-ൽ മറുപടിയ്ക്ക്

# മാവേലിക്കരയിൽ ഹൈടെക്ക് പച്ചക്കറിയുത്പാദന യൂണിറ്റ്

ചോദ്യം
ശ്രീ. ആർ.രാജേഷ്

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ വി.എഫ്.പി.സി.കെ-യുടെ ഹൈടെക്ക് പച്ചക്കറിയുത്പാദന യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നോ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | എ) | മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. നിലവിൽ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. |
| ബി) | ഈ യൂണിറ്റ് ആരംഭിക്കുന്നില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ; | ബി) | തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ കുറേ ആൾക്കാർ ചേർന്ന് പ്രവർത്തനം തടസ്സപ്പെടുത്തിയിരിക്കുകയാണ്. |
| സി) | ഏതു കമ്പനിക്കാണ് യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയത്; ടെൻഡറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തിരുന്നു, ടെൻഡർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ടെൻഡർ നടപടി ക്രമങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; ഈ പദ്ധതിക്ക് ഭൂമി കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; ടെൻഡറിനായി കമ്പനികളെ ക്ഷണിച്ചതിന്റെയും പരസ്യം നൽകിയതിന്റെയും തീയതികളും വിശദാംശങ്ങളും ലഭ്യമാക്കുമോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) | ഷീൽ ബയോടെക്, ന്യൂഡെൽഹി എന്ന കമ്പനിയ്ക്കാണ് ഹൈടെക് പച്ചക്കറിത്തൈ ഉല്പാദനയൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുമതി നല്കിയത്. ഹൈടെക് പച്ചക്കറി ഉൽപാദന യൂണിറ്റ് നിർമ്മിക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുക്കുന്നതിനായി സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴി 05.02.2014-ൽ ഇ-ടെണ്ടർ നൽകിയപ്പോൾ ഷീൽ ബയോടെക് എന്ന കമ്പനി മാത്രമാണ് പങ്കെടുത്തത്. ടെണ്ടറിന്റെ വിശദാംശങ്ങൾ അനുബന്ധം 5-ആയി ചേർത്തിരിക്കുന്നു. താല്പര്യപത്രം ക്ഷണിച്ചു കൊണ്ടുള്ള പത്ര പരസ്യം നൽകിയപ്പോൾ രണ്ട് കമ്പനികൾ മാത്രമാണ് താല്പര്യ പത്രം നൽകിത്. പത്ര പരസ്യത്തിന്റെ പകർപ്പ് അനുബന്ധം 1-ആയും ഭൂമി കൈമാറിയതിന്റെ രേഖകളുടെ പകർപ്പ് അനുബന്ധം 2-ആയും ചേർത്തിരിക്കുന്നു. |

പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിവുള്ള കമ്പനികൾ കുറവാണ് എന്ന് തിരിച്ചറിഞ്ഞതിനാൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള ബോർഡിന്റെ തീരുമാന പ്രകാരം ഷീൽ ബയോ ടെക്, ന്യൂഡൽഹി എന്ന കമ്പനിയുടെ ടെണ്ടർ സ്വീകരിച്ച് വർക്ക് ഓർഡർ നല്കുകയായിരുന്നു.

ഡി) ടെൻഡർ അംഗീകരിച്ച യോഗത്തിന്റെ മിനിട്സും, തീരുമാനങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ;

ഡി) ടെൻഡർ അംഗീകരിച്ച യോഗങ്ങളുടെ മിനിട്സും, തീരുമാനങ്ങളുടെ പകർപ്പും അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു.

ഇ) ടെൻഡർ അംഗീകരിച്ചതിനു ശേഷം കമ്പനിയുമായി ഒപ്പുവെച്ച എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത്തരം ടെൻഡറുകൾ നടത്തുമ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; ഈ പദ്ധതിയുടെ ടെൻഡറിൽ മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഇളവുവരുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ടെൻഡർ മാനദണ്ഡങ്ങൾ ഇളവുവരുത്തിയതിന്റെ അറിയിപ്പുകളോ പകർപ്പുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

ഇ) എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധം നാലായി ചേർത്തിരിക്കുന്നു. ഇ-ടെണ്ടർ മുഖേനയാണ് നല്കുവാൻ നിർദ്ദേശിച്ചിരുന്നത്. ഇളവുകളൊന്നും നല്കിയിട്ടില്ല. നെഗോസിയേഷനിൽ ടെണ്ടർ തുകയിൽ നിന്ന് 15 ലക്ഷം രൂപ കുറവ് വരുത്തുകയാണുണ്ടായത്.

എഫ്) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; 2014-15-ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രധാന പദ്ധതികളും ചിലവായ തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | മൈക്രോ ഇറിഗേഷൻ | 0.35,587 |
| 2. | കുട്ടനാട് പാക്കേജ് | 46.175 |
| 3. | സുസ്ഥിര നെൽകൃഷി വികസനം | 83.8437 |
| 4. | ആർ.കെ.വി.വൈ | 57.98 |
| 5. | സി.ഡി.ബി | 8.5 |
| 6. | ഭക്ഷ്യ സുരക്ഷ | 4.81258 |
| 7. | അഗ്രോ സർവ്വീസ് സെന്റർ | 0.43,852 |
| 8. | ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് | 2.19,872 |

| | | |
|---|---|---|
| 9. | പച്ചക്കറി വികസനം | 45.14,044 |
| 10. | സോയിൽ ഹെൽത്ത് | 0.14 |
| 11. | കാർഷിക വിജ്ഞാന വ്യാപനം | 2.53,64 |
| | ആകെ | 252.12,123 |

**2014-15 വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ**

1. കുട്ടനാട് പാക്കേജ്
2. സുസ്ഥിര നെൽകൃഷി വികസനം.
3. ആർ.കെ.വി.വൈ
4. സി.ഡി.ബി
5. അഗ്രോ സർവ്വീസ് സെന്റർ
6. സ്പൈസസ് ഡവലപ്പ്മെന്റ്.
7. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്
8. പച്ചക്കറി വികസനം
9. സോയിൽ ഹെൽത്ത്
10. കാർഷിക വിജ്ഞാന വ്യാപനം

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**